കൂറ്റനാട് നേർച്ചക്കിടെ ആന ഇടഞ്ഞു; പാപ്പാനെ കുത്തിക്കൊന്നു

പാലക്കാട്: പട്ടാമ്പി കൂറ്റനാട് നേർച്ചക്കിടെ ഇടഞ്ഞ ആന പാപ്പാനെ കുത്തിക്കൊന്നു. കുഞ്ഞുമോൻ എന്നയാളാണ് മരിച്ചത്. കൂറ്റനാട് നേർച്ച ആഘോഷ പരിപാടിയിലേക്കായി കൊണ്ടുവന്ന ആനയാണ് ഇടഞ്ഞത്. രാത്രി 11 മണിയോടെ ആഘോഷ പരിപാടിയുടെ അവസാന ഇനമായ ഗജസംഗമം കഴിഞ്ഞ് മടങ്ങുന്നതിനിടെയാണ് ആന ഇടഞ്ഞത്. ഒരാൾക്ക് കൂടി പരുക്കേറ്റിട്ടുണ്ട്. എന്നാൽ പരിക്ക് ഗുതുരമല്ല. സമീപത്തെ വാഹനങ്ങളും ആന തകർത്തു. 28 പ്രദേശങ്ങളിൽ നിന്നായി 47 ആനകളാണ് പ്രദേശത്തുണ്ടായിരുന്നത്. ഇതിൽ വള്ളംകുളം നാരായൺകുട്ടി എന്ന ആനയാണ് പാപ്പാനെ കുത്തിയത്. ഫയർഫോഴ്സും പ്രത്യേക സ്ക്വാഡും സംഭവസ്ഥലത്തുണ്ട്. പത്തുവർഷത്തിലധികമായി ആനയെ കൂറ്റനാട് നേർച്ചയ്ക്ക് എഴുന്നള്ളിക്കുന്നുണ്ട്. ആനയിടാനുള്ള കാരണം വ്യക്തമല്ല. ആനയെ തളച്ച ശേഷം സംഭവ സ്ഥലത്ത് നിന്നും മാറ്റി

സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം

പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com

www.swathanthramandapam.com | വാള്യം: 59 | ലക്കം: 258 | 2025 ഫെബ്രുവരി 07 വെള്ളി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

നികുതി കൂട്ടി, ഇലക്ട്രിക് വാഹനങ്ങൾക്ക് വിലകൂടും; 15 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് 50 % അധികനികുതി

തിരു: ഇലക്ട്രിക് വാഹനങ്ങളുടെ നികുതി പുനക്രമീകരിക്കുമെന്ന് ധനമന്ത്രി. സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന 4ചക്രങ്ങളുള്ള ഇലക്ട്രിക് വാഹനങ്ങളുടെ നികുതി അവയുടെ വിലയുടെ അടിസ്ഥാനത്തിലാണ് പുനക്രമീകരിക്കുന്നത്. 15 ലക്ഷത്തിന് മുകളിൽ വിലയുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ വിലയുടെ 8ശതമാനം നികുതി, 20 ലക്ഷത്തിന് മുകളിൽ വിലയുള്ളവയ്ക്ക് 10 ശതമാനം, ബാറ്ററി റെൻഡിങ് സംവിധാനമുള്ള വാഹനങ്ങൾക്ക് അവയുടെ വിലയുടെ 10 ശതമാനവും നികുതി ഈടാക്കും.

ഒറ്റത്തവണ നികുതിയടച്ചുവരുന്ന സ്വകാര്യ ഇലക്ട്രിക് വാഹനങ്ങൾക്ക് 15 വർഷത്തെ നികുതിയായി നിലവിൽ ഈടാക്കിവരുന്നത് 15 ശതമാനം നികുതിയായിരുന്നു. കൂടാതെ, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന 15 വർഷം കഴിഞ്ഞ മോട്ടോർ സൈക്കിളുകൾ, മുച്ചക്ര വാഹനങ്ങൾ, കാറുകൾ എന്നിവയുടെ നികുതിയിൽ 50 ശതമാനം വർധനവും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് റജിസ്റ്റർ ചെയ്തിട്ടുള്ള കോൺട്രാക്ട് ഗാരേജ് വാഹനങ്ങളുടെ നികുതി ഘടനയും ഏകീകരിച്ച് ലഘൂകരിക്കും. ഫലത്തിൽ ഇതിലും നികുതി വർധന വരും. ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോൺട്രാക്ട് ഗാരേജുകളിൽ ടൂറിസ്റ്റുകളുടെ യാത്രാ സൗകര്യം വർധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ധനമന്ത്രി പറഞ്ഞു. ഇതിനായി പുഷ്ബാക്ക് സീറ്റുള്ള കോൺട്രാക്ട് ഗാരേജുകളുടെ ത്രൈമാസ നികുതി കുറയ്ക്കും. മോട്ടോർ വാഹന വകുപ്പ് ഉപയോഗിച്ചുവരുന്ന വാഹൻ സോഫ്റ്റ്വെയറിൽ, കോൺട്രാക്ട് ഗാരേജുകളെ അവയുടെ സീറ്റുകളുടെ തരത്തിനനുസരിച്ച് വേർതിരിക്കാത്തതിനാൽ ഇത്തരം വാഹനങ്ങളുടെ നികുതി നിർണയിക്കുന്നതിലെ സങ്കീർണത ഒഴിവാക്കാൻ സീറ്റുകളുടെ എണ്ണത്തിനനുസരിച്ച് നികുതി പുനക്രമീകരിക്കും.

കോൺട്രാക്ട് ഗാരേജ് വാഹനങ്ങളുടെ സീറ്റുകളുടെ എണ്ണം 6 മുതൽ 12 വരെയാണെങ്കിൽ നിലവിലുള്ള ത്രൈമാസ നിരക്ക്, ഓർഡിനറി 250, പുഷ്ബാക്ക് സീറ്റ് 450, സ്ലീപ്പർ സീറ്റ് 900 എന്നിങ്ങനെയാണ്. ഇവ ഏകീകരിച്ച് ത്രൈമാസ നിരക്ക് ഓരോ സീറ്റിനും 350 രൂപയാക്കും. കോൺട്രാക്ട് ഗാരേജ് വാഹനങ്ങളുടെ സീറ്റുകളുടെ എണ്ണം 13 മുതൽ 20 വരെയാണെങ്കിൽ, നിലവിലുള്ള ത്രൈമാസ നിരക്ക് യഥാക്രമം 450, 650, 1350 എന്നിങ്ങനെയാണ്. ഇവ ഏകീകരിച്ച് ത്രൈമാസ നിരക്ക് ഓരോ യാത്രക്കാരനും 600 രൂപയാക്കും.

സീറ്റുകളുടെ എണ്ണം 20 സീറ്റുകൾക്ക് അധികമാണെങ്കിൽ നിലവിലുള്ള ത്രൈമാസ നിരക്ക് യഥാക്രമം 650, 900, 1800 എന്നിങ്ങനെയാണ്. ഇവ ഏകീകരിച്ച് 900 രൂപയാക്കും. സ്ലീപ്പർ ബർത്തുകൾ ഘടിപ്പിച്ച ഹെവി പാസഞ്ചർ വിഭാഗത്തിൽപ്പെട്ട കോൺട്രാക്ട് ഗാരേജ് വാഹനങ്ങളുടെ ത്രൈമാസ നികുതി നിലവിലുള്ള 1800 രൂപ എന്നത് 1500 രൂപയാക്കി കുറച്ചു. കോൺട്രാക്ട് ഗാരേജ് വാഹനങ്ങളുടെ നികുതിയിനത്തിൽ സർക്കാരിന് 292 കോടി രൂപയാണ് വാർഷിക വരുമാനം. നികുതി ഏകീകരണത്തോടെ സർക്കാരിന് 15 കോടി രൂപ അധിക വരുമാനം ലഭിക്കും.

അന്യസംസ്ഥാനങ്ങളിൽ റജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പെർമിറ്റെടുത്ത് കേരളത്തിലേക്ക് സർവ്വീസ് നടത്തുന്ന കോൺട്രാക്ട് ഗാരേജ് വാഹനങ്ങളുടെ നികുതി നിരക്കും ഏകീരിച്ചിട്ടുണ്ട്. ഇവയുടെ ത്രൈമാസ നിരക്ക് ഓർഡിനറി സീറ്റിന് 2250 രൂപയും പുഷ്ബാക്ക് സീറ്റിന് 3000 രൂപയും ആയിരുന്നത് ഏകീകരിച്ച് ത്രൈമാസ നിരക്ക് 2500 രൂപയാക്കും. അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് പ്രവേശിക്കുന്ന കോൺട്രാക്ട് ഗാരേജ് വാഹനങ്ങളിൽനിന്ന് നികുതിയിനത്തിൽ സർക്കാരിന് 10 കോടി രൂപയാണ് വാർഷിക വരുമാനം. നികുതി ഏകീരണത്തോടെ ഒരു കോടി രൂപയുടെ അധിക വരുമാനമാണ് ഉണ്ടാവുകയെന്നും ധനമന്ത്രി അറിയിച്ചു. കൂടാതെ, സ്റ്റേജ് ഗാരേജ് വാഹനങ്ങളുടെ ത്രൈമാസ നികുതിയിൽ 10 ശതമാനം ഇളവ് നൽകും.

ജനത്തിന്റെ നടുവൊടിച്ച് സംസ്ഥാന ബജറ്റ്

അധിക വരുമാനത്തിനായി ഭൂനികുതിയും കോടതി ഫീസും കുത്തനെ കൂട്ടി

തിരു : ജനങ്ങൾക്ക് കടുത്ത പ്രഹരം ഏൽപ്പിച്ച് ഭൂനികുതി കുത്തനെ കൂട്ടി. ഭൂനികുതി സ്ലാബുകൾ അമ്പതുശതമാനം വർദ്ധിപ്പിച്ചതായി ബഡ്ജറ്റ് പ്രസംഗത്തിൽ ധനമന്ത്രി കെ എൻ ബാലഗോപാൽ പ്രഖ്യാപിക്കുകയായിരുന്നു. ഇതിലൂടെ നൂറു കോടിയുടെ അധിക വരുമാനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കോടതി ഫീസിലും കാര്യമായ വർദ്ധനയുണ്ട്. ഇതിലൂടെ 150 കോടിയുടെ അധിക വരുമാനമാണ് ലക്ഷ്യം വയ്ക്കുന്നത്.

സർക്കാർ ഭൂമിയുടെ പാട്ടനിരക്കും കൂട്ടിയിട്ടുണ്ട്. ന്യായവിലയ്ക്ക് അനുസരിച്ച് പാട്ടനിരക്കിൽ വ്യത്യാസം വരും. പാട്ടത്തുക കുടിശിക തീർപ്പാക്കാൻ ഒറ്റത്തവണ പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്നതിനാൽ ക്ഷേമപെൻഷനുകൾ കൂട്ടുമെന്ന് കരുതിയെങ്കിലും അത് ഉണ്ടായില്ല. സാമൂഹ്യക്ഷേമപെൻഷനുകളുടെ മൂന്നുമാസത്തെ കുടിശിക കൊടുത്തുതീർക്കും എന്ന് പ്രഖ്യാപനമുണ്ട്. ക്ഷേമ പെൻഷൻ 200 രൂപയെങ്കിലും വർദ്ധിപ്പിക്കുമെന്ന തരത്തിലുള്ള സൂചനകൾ ധനമന്ത്രിയും നൽകിയിരുന്നു. പക്ഷേ, പ്രഖ്യാപനം ഉണ്ടായില്ല.

അതിനിടെ ബഡ്ജറ്റ് വെറും പൊള്ളയായത് എന്ന വിമർശനവുമായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ രംഗത്തെത്തി. വലിയ കടബാദ്ധ്യതകൾ തീർക്കാനുള്ള നീക്കിയിരിപ്പു പോലും ബഡ്ജറ്റിൽ ഇല്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

5 വർഷത്തിന് ശേഷം റിപ്പോ നിരക്ക് വെട്ടിക്കുറച്ച് റിസർവ് ബാങ്ക്

ന്യൂഡൽഹി: റിപ്പോ നിരക്ക് വെട്ടിക്കുറച്ച് റിസർവ് ബാങ്ക്. റിസർവ് ബാങ്കിൽ നിന്ന് വാണിജ്യ ബാങ്കുകൾ വാങ്ങുന്ന വായ്പകളുടെ പലിശയായ റിപ്പോ നിരക്ക് കാൽ ശതമാനം കുറച്ച് 6.25 ശതമാനമാക്കി. നിലവിലെ റിപ്പോ നിരക്ക് 6.50 ശതമാനമാണ്. 5വർഷത്തിന് ശേഷമാണ് റിസർവ് ബാങ്ക് പലിശ കുറയ്ക്കുന്നത്. ഇതിനുമുമ്പ് 2020 മേയ് മാസത്തിലായിരുന്നു റിപ്പോ നിരക്ക് കുറച്ചത്. റിപ്പോ നിരക്ക് കുറച്ചതോടെ ഭവന, വാഹന, വ്യക്തിഗത, കോർപ്പറേറ്റ് വായ്പകളുടെ പലിശ ഭാരം കുറയും. കേന്ദ്ര ബഡ്ജറ്റിൽ ആദായ നികുതി ഭാരം കുറച്ചിരുന്നു. ഇതിനുപിന്നാലെയാണ് പലിശഭാരം കൂടി കുറയുന്നത്.

ക്ഷേമപെൻഷൻ വർധന ഇത്തവണയില്ല, കുടിശ്ശിക കൊടുത്തുതീർക്കും

തിരു: സാമൂഹിക സുരക്ഷ ക്ഷേമപെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുമെന്ന് മന്ത്രി കെഎൻ ബാലഗോപാൽ. എന്നാൽ പെൻഷൻ തുക ഉയർത്തുന്നതിനുള്ള പ്രഖ്യാപനങ്ങളൊന്നും ബജറ്റിലില്ല.

രാജ്യത്തെ ഏറ്റവും ബൃഹത്തായ സാമൂഹിക സുരക്ഷ പെൻഷൻ പദ്ധതി കേരളത്തിലാണ്. 60 ലക്ഷത്തോളം പേർക്ക് പ്രതിമാസം 1600 രൂപ പെൻഷനായി നൽകുന്നതിന് 11000 കോടി രൂപയിലധികമാണ് സർക്കാർ ചിലവാക്കുന്നത്. 33110 കോടി രൂപയാണ് ഈ സർക്കാർ ഇതുവരെ പെൻഷൻ നൽകുന്നതിനായി ചെലവാക്കിയത്. കേന്ദ്ര വകയായി രണ്ടു ശതമാനം തുക മാത്രമാണ് ലഭിക്കുന്നത്. ഇനി മൂന്ന് കുടിശ്ശികകളാണ് കൊടുത്തുതീർക്കാനുള്ളത്. അത് സമയബന്ധിതമായി കൊടുത്തുതീർക്കും– മന്ത്രി വ്യക്തമാക്കി.

വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി 105.63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷത്തേക്കാൾ എട്ടുകോടി രൂപയധികമാണിത്. മുന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി മുൻവർഷത്തേക്കാൾ മൂന്നുകോടി രൂപ കൂടി ഉയർത്തി 38 കോടി രൂപ വകയിരുത്തി. സാമൂഹിക സുരക്ഷിതത്വവും ക്ഷേമത്തിനുമായി 706.71 കോടി രൂപയും വകയിരുത്തി. മുൻ വർഷത്തേക്കാൾ 80.98 കോടി രൂപ അധികമാണിത്. മന്ത്രി പറഞ്ഞു.

സർക്കാർ ജീവനക്കാർക്ക് ഒരു ഗഡു ഡി.എ കൂടി, ഏപ്രിലിൽ ലഭിക്കും; ഭവന വായ്പയ്ക്ക് 2 % പലിശ ഇളവ്

തിരു: സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത/ക്ഷാമാശ്വാസം കൂടി ബജറ്റിൽ പ്രഖ്യാപിച്ചു. 2025 ഏപ്രിൽ മാസം മുതൽ ലഭിക്കുമെന്ന് ധനമന്ത്രി അറിയിച്ചു. ശമ്പള പരിഷ്കരണ കുടിശ്ശികയുള്ളതിൽ രണ്ട് ഗഡു ഈ വർഷം നൽകും, അവ പി.എഫിൽ ലയിപ്പിക്കും. അതുപോലെ ഡി.എ കുടിശ്ശികയുടെ ലോക്കിങ് പീരിഡ് ഒഴിവാക്കും. സർവീസ് പെൻഷൻകാരുടെ കുടിശ്ശിക ഈ മാസം തീർക്കും ഇതിനായി 600 കോടി അനുവദിച്ചു പങ്കാളിത്ത പെൻഷന് പകരം അഷേർഡ് പെൻഷൻ പദ്ധതി 2025–26 ൽ നടപ്പിലാക്കും.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി ശക്തിപ്പെടുത്തുമെന്ന്മന്ത്രി കെഎൻ ബാലഗോപാൽ. ബാങ്ക്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് 2 ശതമാനം പലിശ ഇളവ് നൽകും. ഇതിനായി 50 കോടി രൂപ വകയിരുത്തുന്നതായും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം അഞ്ചു ശതമാനം വർധിപ്പിക്കുമെന്നും ബജറ്റിൽ പ്രഖ്യാപനമുണ്ട്

സർവകലാശാല, ഐ.ടി.പാർക്ക്, കോറിഡോർ; ബജറ്റിൽ ബമ്പറടിച്ച് കൊല്ലം, കൊട്ടാരക്കരയ്ക്കും കരുതൽ

തിരു: രണ്ടാം പിണറായി സർക്കാരിന്റെ അവസാന സമ്പൂർണ ബജറ്റ് പ്രഖ്യാപനം പൂർത്തിയായി. പദ്ധതി വിഹിതങ്ങളിൽ വർധനവ് വരുത്തി പ്രഖ്യാപിച്ചിട്ടുള്ള ഈ ബജറ്റിൽ ഏറ്റവുമധികം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത് കൊല്ലം ജില്ലക്കാണെന്നതും ശ്രദ്ധേയമാണ്. പുതിയ 9 പദ്ധതികളാണ് ബജറ്റിൽ കൊല്ലം ജില്ലക്കായി നൽകിയിരിക്കുന്നത്.

ഇതിൽ തന്നെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി വിഴിഞ്ഞം–കൊല്ലം–പുനലൂർ കോറിഡോർ പദ്ധതിയാണ്. 1000 കോടി രൂപയാണ് ഈ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നാണ് ധനമന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചിരിക്കുന്നത്. ഇതിനുപുറമെ, കൊല്ലം നഗരസഭയിൽ ഐ.ടി.പാർക്ക് സ്ഥാപിക്കുമെന്നും ബജറ്റിൽ പ്രഖ്യാപിക്കുന്നുണ്ട്.

കൊല്ലം, ചെറായി എന്നിവിടങ്ങളിലെ ബീച്ചുകളുടെ വികസനത്തിനായി അഞ്ചുകോടി രൂപയാണ് ബജറ്റിൽ നൽകുന്നത്. ഇതിനുപുറമെ, കൊല്ലത്ത് മറൈൻ ഗവേഷണ കേന്ദ്രം ഒരുക്കുന്നതായി 5കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ധനമന്ത്രി ബജറ്റ് പ്രഖ്യാപനത്തിൽ അറിയിച്ചു. ശാസ്താംകോട്ട ടൂറിസം വികസനത്തിനായി ഒരു കോടി രൂപയും കൊട്ടാരക്കയിലെ കെ.ഐ.പി. ഭൂമിയിൽ ഒരുങ്ങുന്ന ഐ.ടി.പാർക്കും കൊല്ലത്തിന് ലഭിച്ച ബജറ്റ് വിഹിതമാണ്.

കൊല്ലം ജില്ലയിലെ കൊട്ടാരക്കര കേന്ദ്രീകരിച്ച് തീർഥാടന ടൂറിസം കേന്ദ്രം ആരംഭിക്കുമെന്നും ഇതിനായി അഞ്ചു കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നുമാണ് ധനമന്ത്രി അറിയിച്ചത്. കൊല്ലത്ത് ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായും അഞ്ച് കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. കൊല്ലം ജില്ലയ്ക്ക് ലഭിച്ച വലിയ പ്രഖ്യാപനങ്ങളിൽ ഒന്ന് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയാണ്. 30 കോടി രൂപയാണ് ഇതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

കേന്ദ്രത്തിന്റെ സാമ്പത്തിക വിവേചനങ്ങൾക്കിടയിലും ജീവിതക്ഷേമം ശക്തിപ്പെടുത്തുന്ന ബജറ്റ്: മുഖ്യമന്ത്രി

തിരു : കേരള സർക്കാർ ലക്ഷ്യമാക്കിയിട്ടുള്ള നവകേരള നിർമാണത്തിന് ആവേശകരമായ പുതിയ കുതിപ്പു നൽകാൻ പോരുന്ന ക്രിയാത്മക ഇടപെടലാണ് കേരളത്തിന്റെ ബജറ്റെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്രസർക്കാരിന്റെ കടുത്ത സാമ്പത്തിക വിവേചനങ്ങൾക്കിടയിലും കഠിന പരിശ്രമങ്ങളിലൂടെ കേരളത്തിന്റെ വികസനത്തെയും കേരളീയരുടെ ജീവിതക്ഷേമത്തെയും ശക്തിപ്പെടുത്തി മുമ്പോട്ടു കൊണ്ടുപോവുന്ന സമീപനമാണ് 2025–26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ കേരളം സ്വീകരിച്ചിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള ക്ഷേമ ആശ്വാസങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനത്തിനും ബജറ്റ് ഒരുപോലെ ഊന്നൽ നൽകുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജനജീവിതത്തെ ഞെരുക്കാതെ വിഭവസമാഹരണം നടത്തുന്നു. വിഭവസമാഹണത്തിനായി പുതിയ മേഖലകൾ കണ്ടെത്തുന്നു. അർഹതപ്പെട്ടതു കേന്ദ്രം തരാതിരിക്കുന്ന സാഹചര്യത്തിലും ജനജീവിതവും നാടിന്റെ വികസനവും ഉപേക്ഷിക്കപ്പെടില്ല എന്നത് ഉറപ്പാക്കുന്നു ഈ ബജറ്റ്. വിലക്കയറ്റത്തിന്റെ ദേശവ്യാപക അന്തരീക്ഷത്തിലും സാധാരണ ഉപഭോക്താക്കളുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നു. നവകേരള നിർമിതിക്കും വിജ്ഞാന സമ്പദ്ഘടനാ വികസനത്തിനും അടിസ്ഥാന വികസന വിപുലീകരണത്തിനും പുതുതലമുറയുടെ ഭാവി ഭദ്രമാക്കലിനും അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ബജറ്റ് പ്രത്യേക ശ്രദ്ധ വെച്ചിരിക്കുന്നു– മുഖ്യമന്ത്രി പറഞ്ഞു

വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലാക്കുന്നതിനും പൊതുജനാരോഗ്യ സംവിധാനത്തെ കൂടുതൽ മികവുറ്റതാക്കുന്നതിനും സഹായകമാകുന്ന പ്രഖ്യാപനങ്ങളാണ് ഉണ്ടായിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ സമസ്ത മേഖലകളെയും വികസനോന്മുഖമായി സ്പർശിക്കുന്നതും സമതുലിതമായ ഉണർവ് എല്ലാ മേഖലകളിലും ഉറപ്പാക്കുന്നതുമായ ബജറ്റാണിത്. സമഗ്ര വികസനത്തിനായുള്ള കേരളത്തിന്റെ സാമ്പത്തിക ശ്രേയാണിത്. അവകാശപ്പെട്ടതു നിഷേധിക്കുന്നതിലൂടെ കേരളത്തെ സാമ്പത്തികമായി ഞെരുക്കിക്കളയാമെന്നു കരുതുന്ന രാഷ്ട്രീയ നിലപാടുകളെ ബദൽ വിഭവസമാഹരണത്തിന്റെ വഴികൾ കണ്ടെത്തി കേരളം അതിജീവിക്കും എന്നതിന്റെ പ്രത്യാശാനിർഭരമായ തെളിവുരേഖ കൂടിയാണ് ഈ ബജറ്റെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗവേഷക വിദ്യാർഥികൾക്ക് പ്രതിമാസം 10,000 രൂപ; വിദ്യാർഥികൾക്ക് സി.എം. റിസർച്ചേഴ്സ് സ്കോളർഷിപ്പ്

തിരു: രാജ്യത്തെ തൊഴിൽ നിയമനങ്ങളിൽ സിംഹഭാഗവും നടക്കുന്നത് കേരളത്തിലാണെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ പുറത്തുവിട്ട കണക്കുകൾ ഉദ്ധരിച്ച് ബജറ്റ് അവതരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ, തൊഴിൽ രംഗത്ത് നിരവധി പദ്ധതികളാണ് ധനമന്ത്രി പ്രഖ്യാപിച്ചത്. ഗവേഷണ വിദ്യാർഥികൾക്ക് പ്രതിമാസം 10,000 രൂപവെച്ച് ഫെലോഷിപ്പ് നൽകുന്ന പുതിയ പദ്ധതി ഉൾപ്പെടെ സംസ്ഥാന ബജറ്റിലുണ്ട്.

സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും പ്രവേശനം നേടിയ റഗുലർ-ഫുൾടൈം ഗവേഷണ വിദ്യാർഥികളിൽ മറ്റു ഫെലോഷിപ്പുകളോ ധനസഹായമോ ലഭിക്കാത്ത വിദ്യാർഥികൾക്ക് പ്രതിമാസം 10,000 രൂപവെച്ച് ഫെലോഷിപ്പ് നൽകുമെന്ന പുതിയ പ്രഖ്യാപനവും ബജറ്റിലുണ്ടായി. ഇതിനായി സി.എം. റിസർച്ചേഴ്സ് സ്കോളർഷിപ്പ് എന്ന പുതിയ പദ്ധതി പ്രഖ്യാപിക്കുന്നുവെന്ന് ധനമന്ത്രി വ്യക്തമാക്കി. 2025–26–ൽ ഇതിനായി 20 കോടി രൂപ വകയിരുത്തി.

തൊഴിൽ നിയമനങ്ങളിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതുവരെ ഒരുലക്ഷത്തി പതിനായിരത്തോളം നിയമനശുപാർശകൾ നൽകിക്കഴിഞ്ഞെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. പതിനായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം ഇതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 8293 സ്ഥിരം നിയമനങ്ങളും 34,859 താത്കാലിക നിയമനങ്ങളും ഉൾപ്പെടെ 43,152 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ നൽകി.

വിവിധ കോഴ്സുകളിൽ അവസാന വർഷം പഠിക്കുന്ന അഞ്ചുലക്ഷം വിദ്യാർഥികളെ നൈപുണി പരിശീലനം നൽകി തൊഴിൽ പ്രാപ്തരാക്കുക, പഠനം പൂർത്തീകരിച്ചവരെ ശരിയായി തയ്യാറെടുപ്പിച്ച് തൊഴിൽമേളയിലൂടെ തൊഴിൽ നൽകുക എന്നീ ലക്ഷ്യത്തോടെയുള്ള ജനകീയ ക്യാമ്പയിനാണ് വിജ്ഞാന കേരളം. 2025–26–ലെ പ്രധാന വികസന പദ്ധതിയായിരിക്കും ഇതെന്നും മന്ത്രി പറഞ്ഞു.

വിദ്യാർഥികൾക്ക് അവരുടെ പഠനത്തിനും അഭിരുചിക്കും അനുയോജ്യമായതും തൊഴിൽ ലഭിക്കാൻ സാധ്യതയുള്ളതുമായ സ്കിൽ കോഴ്സുകൾ ലഭ്യമാക്കും. പദ്ധതിയിൽ മെന്റർമാർക്കു പുറമേ, 50,000 സന്നദ്ധ പ്രൊഫഷണൽ മെന്റർമാരെയും അണിനിരത്തും. പരമാവധി കുട്ടികൾക്ക് കാമ്പസ് പ്ലേസ്മെന്റ് ഉറപ്പാക്കും. പഠനം പൂർത്തീകരിച്ച തൊഴിലന്വേഷകർക്കുള്ള ആദ്യത്തെ മെഗാജോബ് എക്സ്പോ 2025 ഫെബ്രുവരിയിൽ നടക്കും. തുടർന്ന് ഏപ്രിൽ മുതൽ പ്രാദേശിക ജോബ് ഡ്രൈവുകളും പ്രതിമാസം രണ്ട് മെഗാ ജോബ് എക്സ്പോ വീതവും സംഘടിപ്പിക്കും.

മൂന്നുലക്ഷം മുതൽ അഞ്ചുലക്ഷം വരെ തൊഴിലവസരങ്ങളാണ് ഓരോ മെഗാ ജോബ് എക്സ്പോ വഴിയും ലഭ്യമാവുക. ക്യാമ്പയിന്റെ പ്രചാരണത്തിനും പരിശീലനത്തിനും തൊഴിൽമേളയുടെ സംഘാടനത്തിനും മറ്റുമായി 20 കോടി രൂപ അധികമായി അനുവദിക്കുമെന്നും ബജറ്റിൽ ഉറപ്പു നൽകുന്നു.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

GOP: 952/2024

കുന്നംകുളം താലൂക്ക് ആളൂർ വില്ലേജ് മറ്റം ദേശത്ത് നാലകത്ത് അബ്ദുൾ ജബ്ബാർ മകൾ 29 വയസ് സ്വസ്ഥം ഫൗസിയ

-ഹരജിക്കാരി

ചാവക്കാട് താലൂക്ക് തൈക്കാട് വില്ലേജ്, ബ്രഹ്മകുളം ദേശത്ത് അമ്പലത്ത് റസാക്ക് മകൻ 39 വയസ് സനൂപ് എ ആർ

- എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനും കല്പിച്ച് കേസ് **13–3–2025** തിയ്യതിക്ക് കുന്നംകുളം കുടുംബകോടതി മുമ്പാകെ വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ നമ്പർ കേസിൽ എതൃകക്ഷിക്ക് ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ് അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 02-02-2025

ഹരജിഭാഗം അഡ്വക്കേറ്റ്

പ്രേംജി പോൾ വാഴപ്പിള്ളി (ഒപ്പ്)

COURT NOTICE

BEFORE THE HONOURABLE CDRC THRISSUR

CC. 557/2022

Shibin George -Complainant

1) Raju Vivin, Managing Director, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
2) Sobha Raju, Director, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
3) Vinod Raveendranathan,Director, S/o. Raveendranathan, Kuruppanpurambath House, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
4) Raveendranathan Nair R.A., Director, Kuruppanpurambath House, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005

- Opposite Parties

The above cade been fixed for trial on **15-04-2025** by ordering notice to the opposite parties 3 to 6 to be affixed in the court and premises of the company. Therefore, its hereby informed that at 11'o clock on thr above mentioned day the opposite parties 3 to 6 must appear before the Honourable CDRC, either in person or through his lawer failing which the case wil be decided in your appearence.

Date this the day od 14th January 2025

Petitioner Advocate

SHANI K. KRISHNAN (S/d)

COURT NOTICE

BEFORE THE HONOURABLE CDRC THRISSUR

CC. 599/2022

Sreeraj -Complainant

1) Raju Vivin, Managing Director, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
2) Sobha Raju, Director, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
3) Vinod Raveendranathan,Director, S/o. Raveendranathan, Kuruppanpurambath House, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
4) Raveendranathan Nair R.A., Director, Kuruppanpurambath House, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005

- Opposite Parties

The above cade been fixed for trial on **02-04-2025** by ordering notice to the opposite parties 3 to 6 to be affixed in the court and premises of the company. Therefore, its hereby informed that at 11'o clock on thr above mentioned day the opposite parties 3 to 6 must appear before the Honourable CDRC, either in person or through his lawer failing which the case wil be decided in your appearence.

Date this the day od 14th January 2025

Petitioner Advocate

SHANI K. KRISHNAN (S/d)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ചിമ്മിനി ഡാം വന്യജീവി സങ്കേതത്തിൽ ഏകദിന നേച്ചർ ക്യാമ്പ്

വള്ളിവട്ടം: യൂണിവേഴ്സൽ എഞ്ചിനീറിങ് കോളേജ് എൻകോൺ ക്ലബ്ബ് അംഗങ്ങൾക്കായി സംസ്ഥാന വനം വന്യ ജീവി വകുപ്പിന്റെ സഹായത്തോടെ ഏകദിന നേച്ചർ ക്യാമ്പ് സംഘടിപ്പിച്ചു.ക്യാമ്പ് ചിമ്മിനി ഡാം ബി.എഫ്.ഒ പ്രവീൺ വി.എം ഉദ്ഘാടനം ചെയ്തു. എൻകോൺ ക്ലബ്ബ് കോർഡിനേറ്റർ കെ. കെ.അബ്ദുൾ റസാഖ് അധ്യക്ഷത വഹിച്ചു .ഭൂമിയിലെ അതിജീവനം പ്രകൃതി സംരക്ഷണത്തിലൂടെ സാധ്യമാവൂ എന്നും പ്രകൃതി സംരക്ഷണത്തിന് പ്രധാനമാർഗ്ഗം വനസംരക്ഷണമാണെന്നും അദ്ദേഹം പറഞ്ഞു. വനവിസ്തൃതിയുടെ വ്യാപ്തി കുറയുകയും, ജലം, ഭക്ഷ്യവസ്തുക്കൾ കുറയുമ്പോഴും ആണ് വന്യജീവികൾ ജനവാസമേഖലയിൽ പ്രവേശിക്കുന്നതെന്നും ക്യാമ്പ് വിലയിരുത്തി. വനസംരക്ഷണം,പരിസ്ഥിതി ബോധവൽകരണം, ട്രക്കിങ്, കാട്ടുതീ തടയുന്നതിന് മുൻകരുതലുകൾ എന്നിവ ക്യാമ്പിന്റെ ഭാഗമായിരുന്നു. രോഷിമ ടി .വി (അസിസ്റ്റൻറ് പ്രൊഫസർ), ശ്രീനിവാസൻ പി .കെ എന്നിവർ വിദ്യാർത്ഥികളെ അനുഗമിച്ചു. ക്യാമ്പിൽ അമ്പതോളം വിദ്യാർഥികൾ പങ്കെടുത്തു.

അവിട്ടത്തൂർ മഹാദേവ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടന്ന ശ്രീരാമപട്ടാഭിഷേകം കഥകളി

സാജുമാത്യു സ്മാരക ജീവ ജീനിയസ് പുരസ്കാരം ചെന്ത്രാപ്പിന്നി എച്ച്.എസ്.എസിന്

മറ്റം: പരിസ്ഥിതി പ്രവർത്തകനും മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കന്ററി സ്കൂൾ ജീവശാസ്ത്ര അധ്യാപകനുമായിരുന്ന സാജുമാത്യു മാസ്റ്ററുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ ജീവ ജീനിയസ് വിദ്യാലയ പുരസ്കാരത്തിന് ചെന്ത്രാപ്പിന്നി എച്ച്.എസ്.എസ് അർഹരായി. ചെമ്മീൻതോടിൽ നിന്ന് ബയോപ്ലാസ്റ്റിക് നിർമ്മിക്കുന്ന പദ്ധതിയാണ് പുരസ്കാരത്തിന് അർഹമായത്. 10001 രൂപയും പ്രശസ്തി ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയവും എ.ഐ.സി.ടി.ഇ.യും ചേർന്നു തെരഞ്ഞെടുത്ത രാജ്യത്തെ 39 സ്കൂളുകളുടെ ഇന്നവേറ്റീവ് ടീമിൽ ചെന്ത്രാപ്പിന്നി സ്കൂളും ഇടംപിടിച്ചിരുന്നു. അവാർഡിന് തിരഞ്ഞെടുക്കപ്പെട്ട പദ്ധതിയാണ് ഉദ്യമോത്സവത്തിൽ സ്കൂൾ അവതരിപ്പിച്ചത്

വിദ്യാലയത്തിലെ ഫിസിക്സ് അധ്യാപികയായ ശാന്തി ടി.എച്ചിന്റെ മാർഗ്ഗനിർദ്ദേശത്തിൽ പ്ലസ് ടു കമ്പ്യൂട്ടർ സയൻസ് വിദ്യാർഥികളായ നബീൽ നവാസ്, കീർത്തന കെ. കെ.,ഫരീദാ സാലി എന്നിവരടങ്ങുന്ന ടീമാണ് പദ്ധതി തയ്യാറാക്കിയത്. ജനുവരി 31ന് സ്കൂളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് ട്രസ്റ്റ് രക്ഷാധികാരിയും ദേശീയ അധ്യാപക അവാർഡ് ജേത്രിയുമായ എം. പത്മിനി ടീച്ചർ അവാർഡ് സമ്മാനിക്കുമെന്ന് മാനേജിംഗ്ട്രസ്റ്റി

സിമി മേരി സാജു അറിയിച്ചു. പ്ലാസ്റ്റിക് മാലിന്യ വിപത്തിനെതിരെ കുട്ടികൾ നടത്തുന്ന പ്രതിരോധമാണ് ജൈവപ്ലാസ്റ്റിക് ഉല്പ്പന്നം എന്നും വിദ്യാർത്ഥികളിലെ ഗവേഷണപദ്ധതിക്ക് നൽകുന്ന അംഗീകാരത്തിലൂടെ സാജു മാത്യു മാസ്റ്ററുടെ സ്മരണ നിലനിൽക്കുമെന്നും കമ്മറ്റി അംഗങ്ങളായ എ.ഡി. ആന്റു, മേജർ പി.ജെ. സ്റ്റൈജു, ലിനറ്റ് കെ .കെ ., ഷെജി ജോസ്, ഷീന.സി.എം എന്നിവർ അഭിപ്രായപ്പെട്ടു.

ടെണ്ടർ ക്ഷണിച്ചു

തൃശൂർ: മാള ഐ.സി.ഡി.എസ്. പ്രൊജക്ടിലെ 145 അങ്കണവാടികൾക്ക് പ്രീസ്കൂൾ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഫെബ്രുവരി 17 ന് ഉച്ചയ്ക്ക് രണ്ടിന് മുമ്പ് ലഭിക്കണം. ഫോൺ: 0480 2893269.

കോടതി പരസ്യം

ബഹു. തൃശൂർ കൊമേഴ്സ്യൽ കോടതി (IISC) മുമ്പാകെ

CS: 118/2024

ന്യൂ മില്ലേനിയം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-അന്യായം

1) തൃശൂർ ജില്ല, ചാവക്കാട് താലൂക്ക്, പൂക്കോട് വില്ലേജ്, ടി ദേശത്ത്, ഒതുക്കത്തയിൽ വീട്ടിൽ അബൂബക്കർ മകൻ മുഹമ്മദ് മുസ്തഫ അബൂബക്കർ

2) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് പനക്കൽ 1-ാം പ്രതി ഭാര്യ ജസീന മുഹമ്മദ് മുസ്തഫ

- പ്രതികൾ

മേൽ നമ്പർ കേസിലെ പ്രതികൾക്കുള്ള സമൻസും കല്പനയും IA: 2/24 നമ്പർ ഹരജിയിലെ എതൃകക്ഷികൾക്കുള്ള നോട്ടീസ് കല്പനയും ടിയാരുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച്മേൽ നമ്പർ കേസ് **21-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമോ മറ്റോ ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 6-2-2025

അന്യായഭാഗം അഡ്വക്കേറ്റ്

റോബ്സൺ പോൾ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ കൊമേഴ്സ്യൽ കോടതി (IISC) മുമ്പാകെ

CS: 119/2024

ന്യൂ മില്ലേനിയം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-അന്യായം

1) തൃശൂർ ജില്ല, ചാവക്കാട് താലൂക്ക്, പൂക്കോട് വില്ലേജ്, ടി ദേശത്ത്, ഒതുക്കത്തയിൽ വീട്ടിൽ അബൂബക്കർ മകൻ മുഹമ്മദ് മുസ്തഫ അബൂബക്കർ

2) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് പനക്കൽ 1-ാം പ്രതി ഭാര്യ ജസീന മുഹമ്മദ് മുസ്തഫ

- പ്രതികൾ

മേൽ നമ്പർ കേസിലെ പ്രതികൾക്കുള്ള സമൻസും കല്പനയും IA: 2/24 നമ്പർ ഹരജിയിലെ എതൃകക്ഷികൾക്കുള്ള നോട്ടീസ് കല്പനയും ടിയാരുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച്മേൽ നമ്പർ കേസ് **21-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമോ മറ്റോ ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 6-2-2025

അന്യായഭാഗം അഡ്വക്കേറ്റ്

റോബ്സൺ പോൾ (ഒപ്പ്)

ടെണ്ടർ ക്ഷണിച്ചു

തൃശൂർ: പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി വിജയരാഘവപുരം ഗവ.എച്ച്.എസ്.എസ്. ലെ ജിയോളജി ലാബിലേക്ക് ആവശ്യമായ സാധന സാമഗ്രഹികൾ മുഴുവനായോ ഭാഗികമായോ വിതരണം ചെയ്യുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഫെബ്രുവരി 17 ന് ഉച്ചയ്ക്ക് 12 നു മുമ്പ് ലഭിക്കണം. ഫോൺ: 0480 2700570.

ഉത്സവബലിക്ക് വൻ ഭക്തജന തിരക്ക്

അവിട്ടത്തൂർ : മഹാദേവ ക്ഷേത്രത്തിലെ എഴാം ഉത്സവമായ വ്യാഴാഴ്ച ഉത്സവബലിക്ക് കാണിക്കയിട്ട് മാതൃക്കൽ ദർശനത്തിന് നൂറ് കണക്കിന് ഭക്തജനങ്ങൾ തൊഴുത് സായൂജ്യം നേടി. തന്ത്രി തെക്കെടത്ത് പെരുമ്പടപ്പ് ദാമോദരൻ നമ്പൂതിരി കാർമ്മികത്വം നൽകി. ഇന്ന് വലിയ വിളക്ക്' ഞായറാഴ്ച ആറാട്ടോടുകൂടി ഉത്സവം സമാപിക്കും.

ക്ഷേത്രാചാരങ്ങളും ഉത്സവങ്ങളും നിലനിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം: ടി വി ചന്ദ്രമോഹൻ

തൃശൂർ: ഇന്നത്തെ വളർന്നുവരുന്ന കുട്ടികൾ ഉൾപ്പെടെയുള്ള യുവതലമുറയ്ക്ക് മാർഗദർശനം നൽകുവാൻ ക്ഷേത്രങ്ങൾക്കും പള്ളികൾക്കും മറ്റു ആരാധനാലയങ്ങൾക്കും മുഖ്യ പങ്ക് വഹിക്കാനാകുമെന്ന് ടി വി ചന്ദ്രമോഹൻ.

ശ്രീപരമേശ്വരനും ശ്രീപാർവതിയും ശ്രീഭദ്രകാളിയും അച്ഛൻ, അമ്മ, മകൾ എന്ന സങ്കൽപ്പത്തോടെ ഒരു ശ്രീകോവിലിൽ ഒരേ പീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കേരളത്തിലെ അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നായ നന്ദിപുലം കിഴക്കേ കുമരഞ്ചിറ ഭഗവതി ക്ഷേത്രത്തിലെ, പൂർണ്ണമായും കൃഷ്ണശിലയിൽ നിർമ്മിച്ച ശ്രീകോവിൽ സമർപ്പണവും, തുടർന്ന് എട്ടു ദിവസം നീണ്ടു നിൽക്കുന്ന നവീകരണ കലശത്തോട് അനുബന്ധിച്ചുള്ള സമാപന ദിവസത്തെ സാംസ്കാരിക സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുൻ ഗുരുവായൂർ ദേവസ്വം ചെയർമാനും എംഎൽഎയും കൂടിയായ അദ്ദേഹം.

ക്ഷേത്ര ഉപദേശക സമിതി പ്രസിഡണ്ട് പി വി രഘുനാഥ് അധ്യക്ഷത വഹിച്ച യോഗത്തിൽ, വൈദികൻ പെരുമ്പടപ്പ് ഹൃഷികേശൻ നമ്പൂതിരിപ്പാട്, വ്യവസായി സി മോഹൻദാസ് എന്നിവർ മുഖ്യാതിഥികളായിരുന്നു. ആദരണീയം സെക്രട്ടറി കെ ഗോപാലകൃഷ്ണൻ, പ്രവാസി കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ബിജു അമ്പഴക്കാടൻ, കെ എൻ നാരായണൻ,എ ഉണ്ണികൃഷ്ണൻ, തന്ത്രി പ്രസാദ് മാധവൻ നമ്പൂതിരി, സന്തോഷ് ഈച്ചരത്ത്, സെക്രട്ടറി ഒ കെ ശിവരാജൻ, ട്രഷറർ ശിവശങ്കരൻ കടവിൽ,സുമേഷ് നിവേദ്യം, പി ആർ കൃഷ്ണൻ, കെ ആർ സുകുമാരൻ, ടി എം ദിവാകരൻ, കെ എൻ ജയപ്രകാശ്, കെ പി ഗിരീഷ്, കെ പത്മനാഭൻ, ബിനിത രാമൻ, തുടങ്ങിയവർ സംസാരിച്ചു.

ക്ഷേത്രത്തിലെ നാൽപതിൽപരം മാതൃസമിതി അംഗങ്ങൾക്ക് ഉപഹാരം നൽകി ആദരിച്ചു. എട്ടു ദിവസത്തെ ചടങ്ങുകളും, സാംസ്കാരിക സമ്മേളന സദസുകളും ഇതോടെ പരിസമാപിച്ചു.

വാർത്താച്ചുരുക്കം

* തൃശൂർ സീതാറാം ആയുർവേദ ആസ്പത്രിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി
* റേഷൻ വ്യാപാരികളെ അകാരണമായി ദ്രോഹിക്കുന്ന തൃശൂർ ജില്ലാ സപ്ലൈ ഓഫീസർക്കെതിരെ ശക്തമായ നടപടി വേണമെന്ന്. ഓൾ കേരള റീട്ടെയിൽ റേഷൻ ഡിലേഴ്സ് അസോസിയേഷനാണ് ആവശ്യം ഉന്നയിച്ചത്.
* തൃശൂർ ലളിത കലാ അക്കാദമി ആർട്ട് ഗ്യാലറിയിൽ അബ്രഹാം മുരിങ്ങത്തേരിയുടെ ചിത്ര പ്രദർശനം 6,7,8 തീയതികളിൽ നടക്കും
* കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ - സംസ്ഥാന തല മികവുത്സവം തൃശൂരിൽ ഗംഭീരമായി നടന്നു. വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്ന പഠന പരിപാടികൾ ആവിഷ്കരിച്ചു.
* പുന്നയൂർക്കുളം സൈനുദ്ദീൻ രചിച്ച കഥാ സമാഹാരം - ക്രിമിനൽ താമസിച്ചിരുന്ന വീട് - പ്രകാശനം ചെയ്തു. യുവ കലാ സാഹിതി സാഹിത്യ അക്കാദമി ഹാളിലായിരുന്നു പ്രകാശനം ഒരുക്കിയത്.
* മുൻ മന്ത്രി കെ.പി. വിശ്വനാഥൻ സ്മാരക അവാർഡ് സമർപ്പണം 22-ന് നടക്കും.
* തൃശൂർ പൂരം പ്രദർശന നഗരിയുടെ ഭൂമി പൂജയും കാൽനാട്ടലും 8-ാം തീയതി നടക്കും.
* സിനർജിയ യൂത്ത് ഫോറവും ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ടും ഒരുക്കുന്ന ക്യാമ്പസ് ഫിലിം ഫെസ്റ്റിവൽ - 6, 7 തീയതികളിൽ സാഹിത്യ അക്കാദമി ഓഡിറ്റോറിത്തിൽ നടക്കുന്നു
* പോൾസൺ താം - എഴുതിയ കടങ്ങോടിന്റെ ചരിത്രം: പുസ്തക പ്രകാശനം കെ.രാധാകൃഷ്ണൻ എം പി. നിർവഹിക്കുന്നു. വെള്ളറക്കാട് നടന്ന കടങ്ങോട് ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിലായിരുന്നു പ്രകാശന വേദി

ജെ എം എ സംസ്ഥാന സമ്മേളനം ഞായറാഴ്ച

തൃശൂർ: ജ്വല്ലറി മാനുഫാക്ചറേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ഞായറാഴ്ച വൈകീട്ട് 5 മണിക്ക് മെർളിൻ ഇന്റർനാഷണൽ ഹോട്ടലിൽ സജ്ജമാക്കുന്ന (കെ കെ ചന്ദ്രേട്ടൻ നഗറിൽ) നടക്കും.

പ്രസിഡണ്ട് രവീന്ദ്രൻ ചെറുശ്ശേരിയുടെ അധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം ധനമന്ത്രി കെ എൻ ബാലഗോപാലൻ ഉദ്ഘാടനം ചെയ്യും.

ജെ എം എ അക്കാദമി പാട്രൺ & എം ഡി പി വി ജോസ് ആമുഖ പ്രഭാഷണം നടത്തും. മന്ത്രിമാരായ കെ രാജൻ, ആർ ബിന്ദു എന്നിവർ മുഖ്യാതിഥികളാവും. എം എൽ എ മാരായ എ സി മൊയ്തീൻ, പി ബാലചന്ദ്രൻ, ടി ജെ സതീഷ്കുമാർ, ജോസഫ്, സി സി മുകുന്ദൻ, കെ കെ രാമചന്ദ്രൻ എന്നിവർ പ്രസംഗിക്കും. റാഫി ആന്റണി ഡോളി തോമാസ് കവലക്കാട്ട്, സി എസ് അജയകുമാർ, വിജയ് ഹരി, കെ ദാമോദരൻ, കെ പി ജോസ്, തോമസ് കോനിക്കര എന്നിവർ അനുമോദന പ്രസംഗം നടത്തും. എ കെ ബാബു സ്വാഗതവും ജെയ്സൺ മാണി നന്ദിയും പറയും.

ഇന്ന് വൈകീട്ട് 5 മണിക്ക് മെർളിൻ ഇന്റർനാഷണലിൽ ഒരുക്കുന്ന ജോയ് വള്ളുള്ളി നഗറിൽ 22-ാം സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം നടക്കും.

ആയിരക്കണക്കിന് പേർക്ക് തൊഴിലും ജീവിതവും നൽകുന്നതിനോടൊപ്പം സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന കുടിൽ വ്യവസായമാണ് സ്വർണ്ണാഭരണ നിർമ്മാണമേഖല എന്നും കേരള സർക്കാർ ജനുവരി മാസം മുതൽ നടപ്പിലാക്കിയിട്ടുള്ള ഈവേ ബിൽ ഈ പണിശാലകളെയെല്ലാം അടച്ചുപൂട്ടുന്നതിന് ഇടയാക്കുന്നതാണെന്നും വാർത്താസമ്മേളനത്തിൽ ജെ എം എ ഭാരവാഹികൾ അറിയിച്ചു.

പി വി ജോസ്, സി എസ് അജയകുമാർ, എ കെ സാബു, തോമസ് കോനിക്കര, ജെയ്സൺ മാണി, കുരിയപ്പൻ കെ എരിഞ്ഞേരി, റാഫി ആന്റണി, രവി ചെറുശ്ശേരി, കെ പി ജോസ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ബസ് ജീവനക്കാർ തമ്മിലുള്ള തർക്കം കൊലപാതക ശ്രമത്തിലേക്ക്; പ്രതി അറസ്റ്റിൽ

തൃശൂർ: ബസ് മാറ്റിയിടുന്നതുമായി ബന്ധപ്പെട്ട തർക്കത്തിനിടെ പൂമംഗലം എടക്കുളത്തുകാരൻ സതീഷിനെ (45) ആക്രമിച്ച കേസിൽ സുന്ദരപാണ്ഡ്യൻ (30) കുമ്മം പെട്ടി, ദിണ്ഡിഗൽ, തമിഴ്നാട് എന്നയാളെ ഇരിങ്ങാലക്കുട പോലീസ് അറസ്റ്റ് ചെയ്തു. ഫെ. 4-നു രാത്രി 10 മണിയോടെ ഇരിങ്ങാലക്കുട അവറാൻ പെട്രോൾ പമ്പിന് എതിർവശത്തുള്ള സ്റ്റാർ ബെൻസ് സ്പെയർ പാർട്സ് സ്ഥാപനത്തിന് മുൻവശത്ത് വെച്ചാണ് ആക്രമണം നടന്നത്.

തർക്കത്തിനിടെ 'നീ' എന്നു വിളിച്ചതിന്റെ വിരോധത്തിൽ സുന്ദരപാണ്ഡ്യൻ സതീഷിനെ തള്ളിയിട്ട ശേഷം വാഹനത്തിന്റെ ബ്രേക്കിന്റെ LINER കൊണ്ട് തലയിലും മുഖത്തും അടിച്ചു. ഇതിന്റെ ഫലമായി സതീഷിന് ആഴത്തിൽ മുറിവ് പറ്റി. ആക്രമണത്തിനിടെ വീണ്ടും തലക്ക് അടിക്കാൻ ശ്രമിക്കുമ്പോൾ സതീഷ് കൈകൊണ്ട് പ്രതിരോധിക്കാൻ ശ്രമിച്ചതിൽ സുന്ദരപാണ്ഡ്യൻ സതീഷിന്റെ തള്ളവിരലിൽ കടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു.

കഠിനമായ അടിയേറ്റ് സതീഷിന് ഗുരുതരമായ പരിക്ക് സംഭവിച്ചതിനെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ സുന്ദരപാണ്ഡ്യനെ അറസ്റ്റ് ചെയ്തു. അന്വേഷണ സംഘത്തിൽ സബ് ഇൻസ്പെക്ടർമാരായ ക്ലീറ്റസ്, ദിനേശ്, പോലീസ് ഓഫീസർമാരായ സനീഷ്, രഞ്ജിത്ത്, കൃഷ്ണദാസ് എന്നിവരാണ് ഉണ്ടായിരുന്നത് .

സുന്ദരപാണ്ഡ്യനെ ഇരിഞ്ഞാലക്കുട ജെ എഫ് സി എം കോടതിയിൽ ഹാജരാക്കി തുടർന്ന് റിമാൻഡ് ചെയ്ത് വിയ്യൂർ ജില്ലാ ജയിലിൽ പാർപ്പിച്ചിട്ടുള്ളതാണ്.

ക്യാൻസർ ദിനാചരണത്തിൽ എൻ.സി.സി ഓഫീസർക്ക് ആദരം

തൃശ്ശൂർ : ലോക ക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി തൃശ്ശൂർ റീജിണൽ തിയ്യറ്ററിൽ സംഘടിപ്പിച്ച സെമിനാറിൽ 24 കേരള ബറ്റാലിയൻ അസോസിയേറ്റ്ഡ് എൻ.സി.സി ഓഫിസർ മേജർ പി.ജെ. സ്റ്റൈജുവിന് പൊന്നാടയും ഉപഹാരവും നല്കി ആദരിച്ചു. കലാലയങ്ങളെ ക്രേന്ദ്രികരിച്ച് നടത്തുന്ന ലഹരി വിരുദ്ധ പുസ്തകചങ്ങാത്ത പദ്ധതി ' കമ്പ്യൂട്ടർ ഗെയിമുകളെ പ്രതിരോധിക്കാൻ റൂബിക്സ് പരിശീലനം തുടങ്ങിയ പദ്ധതികൾ പരിഗണിച്ചാണ് മേജറെ മികച്ച സാമൂഹ്യ പ്രവർത്തകനുള്ള പുരസ്കാരം നല്കി ആദരിച്ചത്. സിനിമ താരം ജയശ്രീ ശിവദാസ് , ഡോക്ടർ സുലേഖ ,ഡോക്ടർ ഷൈനി സാനു സിസ്റ്റർ ജീസ്തേരേസ, എസ് ശങ്കര അയ്യർ, ഗിരിജ ശങ്കർ മൊഹന്തി ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ബിഞ്ചു ജെയ്ക്കബ്എന്നിവർ പ്രസംഗിച്ചു. മേജർ പി.ജെ. സ്റ്റൈജു മറുപടി പ്രസംഗം നടത്തി.

കോടതി പരസ്യം

Before the Hon'ble Motor Accidents Claims Tribunal Thrissur

IA: 3/2024 in

OP(MV): 660/2018

New India Assurance Company Limited Divisional Office Thrissur

-Petitioner/3rd Respondent

1) Navya @ Navya Das, D/o. Dasan, Chembara House, Kottappadi,Thrissur

2) Moinudheen, S/o. Usman, Pandikasala Parambil House, P.O. Thiruvathra, Chavakkad, Thrissur-680516

3) Farsana, D/o. Sirajudheen, Kottiligal House,Thiruvathra, Chavakkad, Thrissur-680516

-Respondents/Petitioner & R2 & R3 in OP

മേൽ നമ്പ്രി ഹരജിയിൽ 2,3എതൃകക്ഷികളോട് 3-ാം എതൃകക്ഷിയുടെ 05-02-2018 കാലഘട്ടത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കുന്നതിനുവേണ്ടി ബോധിപ്പിച്ച ഹരജി **22-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ആയതിൽ ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ രേഖ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഹരജി നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 03-02-2025

Petitioner/3rd Respondent ഭാഗം അഡ്വക്കേറ്റ്

പി. ഉഷാദേവി (ഒപ്പ്)

മാർച്ചും ധർണ്ണയും നടത്തി

ഇരിങ്ങാലക്കുട: ഭക്ഷ്യധാന്യങ്ങൾ ഇല്ലാത്ത റേഷൻ കടകൾ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന സർക്കാരിന്റെ അനാസ്ഥയ്ക്കെതിരെ ഇരിങ്ങാലക്കുട, കാട്ടൂർ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റികളുടെ സംയുക്താഭിമുഖ്യത്താൽ രാജീവ് ഗാന്ധി മന്ദിരത്തിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസിലേക്ക് മാർച്ച് നടത്തുകയും സിവിൽ സ്റ്റേഷന് മുൻപിൽ ധർണ നടത്തുകയും ചെയ്തു,

യോഗത്തിൽ ഇരിഞ്ഞാലക്കുട ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് സോമൻ ചിറ്റേത്ത് അധ്യക്ഷത വഹിക്കുകയും ഡിസിസി സെക്രട്ടറി ആന്റോ പെരുമ്പിള്ളി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു ഡിസിസി സെക്രട്ടറി സതീഷ് സതീഷ് വിമലൻ,കാട്ടൂർ കോൺഗ്രസ് ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റ് ഷാറ്റോ കുര്യൻ, ബ്ലോക്ക് പ്രസിഡണ്ടും മുൻ നഗരസഭാ വൈസ് ചെയർമാനമായിരുന്ന ടിവി ചാർലി മഹിളാ കോൺഗ്രസിന്റെ സംസ്ഥാന സെക്രട്ടറി രാജലക്ഷ്മി കുറുമാത്ത് വൈസ് പ്രസിഡണ്ട് ഷാജു എം ആർ യൂത്ത് കോൺഗ്രസ് ഇരിഞ്ഞാലക്കുട നിയോജകമണ്ഡലം പ്രസിഡന്റ് സനൽ കല്ലുക്കാരൻ കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് അബ്ദുൽ ഹഖ് മാസ്റ്റർ എന്നിവർ സംസാരിച്ചു.